STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 04712342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

നം. ബി1/4047/2024/സ്കോൾ-കേരള തീയതി. 05.11.2024

**സ്കോൾ-കേരള മുഖേന, 2024-26 ബാച്ചിൽ ഹയർസെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷൻ നേടിയ, ഒന്നാം വർഷ വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസ്സുകളുടെ നടത്തിപ്പ്**

**പരീക്ഷാകേന്ദ്രം പ്രിൻസിപ്പാൾ/കോർഡിനേറ്റിംഗ് ടീച്ചർ, സ്കോൾ-കേരള ജില്ലാ കോഡിനേറ്റർമാർ എന്നിവർക്കുള്ള മാർഗനിർദ്ദേശങ്ങൾ**

1. സ്കോൾ-കേരള മുഖാന്തിരം 2024-26 ബാച്ചിൽ ഹയർസെക്കണ്ടറി ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ, 2024 നവംബർ 09, 17 എന്നീ തീയതികളിൽ അതാത് പരീക്ഷകേന്ദ്രങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്. പരീക്ഷ കേന്ദ്രത്തിന്റെ സൗകര്യാർത്ഥം ഈ തീയതികളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. കഴിയുന്നതും 2024 ഡിസംബർ 31 നകം തന്നെ ക്ലാസ്സുകൾ പൂർത്തീകരിച്ച് രേഖകൾ സംസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

2 ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തീയതികൾ സംബന്ധിച്ച് പരീക്ഷകേന്ദ്രങ്ങളിൽ നിന്നും പത്രമാധ്യമങ്ങളിലുടെയും മറ്റും വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.

3 ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ച ശേഷം സി.ഇ മാർക്കുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4 വിദ്യാർത്ഥികളുടെ സി.ഇ മാർക്ക് അപ്‌ലോഡ് ചെയ്തശേഷം ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചതിന്റെ തുക അനുവദിക്കുന്നതിന്, ഹയർസെക്കണ്ടറി/സ്കോൾ-കേരള വെബ്സൈറ്റിൽ നിന്നും നിർദ്ദിഷ്ട ഫോമുകൾ ഡൗൺലോഡ് ചെയ്ത് അതിൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി, സ്കോളിന്റെ സംസ്ഥാന ഓഫീസിൽ 2024 ഡിസംബർ 31 ന് മുമ്പ് എത്തിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഈ സാമ്പത്തിക വർഷം പ്രതിഫലം അനുവദിക്കാൻ സാധിക്കുകയുള്ളു.

5 ഓറിയന്റേഷൻ ഫോമിനൊപ്പം **റവന്യൂ സ്റ്റാമ്പ് പതിച്ച മുൻകൂർ രസീത്**, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, സ്കൂൾ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവ ഉൾപ്പെടുന്ന **ബാങ്ക് പാസ് ബുക്കിന്റെ കോപ്പി** (നിർബന്ധം) എന്നിവ ഉൾക്കൊള്ളിക്കേണ്ടതാണ്. മുൻകൂർ രസീതിൽ തുക രേഖപ്പെടുത്തേണ്ടതില്ല.

6 സി.ഇ.മാർക്ക് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക്, അതത് ജില്ലാകോഡിനേറ്റർ ഇൻചാർജ്ജുമാർ ബന്ധപ്പെട്ട പരീക്ഷകേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച ഓറിയന്റേഷൻ ക്ലാസ്സ് നടത്തിപ്പിന്റെ രേഖകൾ സംസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

7 അതത് ജില്ലകളിലെ ഓറിയന്റേഷൻ ക്ലാസ്സിന്റെ സംഘാടനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മേൽനോട്ടം ജില്ലാ കോഡിനേറ്റർമാർ വഹിക്കേണ്ടതാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidya Bhavan
Poojappura
Thiruvananthapuram
695012
SCOLE-KERALA

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻചാർജ്ജ്**

C1/E/Scole/B1/Letters//56